**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ചങ്ങനാശ്ശേരി നഗരസഭയിൽ നടന്ന മിന്നൽ പരിശോധന - ഒന്നാം ഗ്രേഡ് ഓവർസീയർ മാരായ ശ്രീമതി. ആഷാ ആർ., ശ്രീ. എസ്. ആർ. മുരളീകൃഷ്ണൻ, ശ്രീ. ദിനേഷ് കുമാർ കെ. എസ്., രണ്ടാം ഗ്രേഡ് ഓവർസീയറായ ശ്രീമതി. വത്സല റ്റി എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.1035/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/06/2020

---

പരാമർശം:- 1 വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 30.01.2019-ലെ വിജ്-ഡി1/ 33/2019-വിജ് നമ്പർ കത്ത്.

2 വിജിലൻ സ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.12.2018-ലെ ഇ7(എസ്.സി.17/18/കെ.ടി.എം.) 38152/2018 നമ്പർ കത്ത്.

3 15.06.2019-ലെ 61/ഇഡബ്ല്യു1/19/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

4 ശ്രീമതി. വത്സല റ്റി. സമർപ്പിച്ച 29.07.2019 തീയതിയായുള്ള എതിർവാദപത്രിക.

5 ശ്രീ. എസ്. ആർ. മുരളീകൃഷ്ണൻ സമർപ്പിച്ച 29.07.2019 തീയതി യായുള്ള എതിർവാദപത്രിക.

6 ശ്രീമതി. ആഷാ ആർ.സമർപ്പിച്ച 30.07.2019 തീയതിയായുള്ള എതിർവാദപത്രിക.

7 ശ്രീ. ദിനേശ് കുമാർ കെ. എസ്. സമർപ്പിച്ച 22.08.2019 തീയതി യായുള്ള എതിർവാദപത്രിക.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 03.11.2018-ൽ ചങ്ങനാശ്ശേരി നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ചങ്ങനാശ്ശേരി നഗരസഭയിൽ ഒന്നാം ഗ്രേഡ് ഓവർസീയർമാരായ ശ്രീമതി. ആഷാ ആർ., ശ്രീ. എസ്. ആർ. മുരളീകൃഷ്ണൻ, ശ്രീ. ദിനേഷ് കുമാർ കെ. എസ്., രണ്ടാം ഗ്രേഡ് ഓവർസീയറായ ശ്രീമതി. വത്സല റ്റി. എന്നിവർക്കെതിരെ പരാമർശം 3 പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിതർ സമർപ്പിച്ച എതിർവാദപത്രികയിൽ തങ്ങൾക്കെതിരായ ആരോപണങ്ങളെല്ലാം നിഷേധിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി നഗരസഭയിൽ ഒന്നാം ഗ്രേഡ് ഓവർസീയർമാരായ ശ്രീമതി. ആഷാ ആർ., ശ്രീ. എസ്. ആർ. മുരളീകൃഷ്ണൻ, ശ്രീ. ദിനേഷ് കുമാർ കെ. എസ്. , രണ്ടാം ഗ്രേഡ് ഓവർസീയറായ ശ്രീമതി. വത്സല റ്റി. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കോട്ടയം പി.ഐ.യു.-വിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായ ശ്രീമതി. ജൂല ഡി. യെ അന്വേഷണ ഉദ്യോഗസ്ഥ യായി നിയമിച്ച് ഉത്തരവാകുന്നു.

3. അന്വേഷണ ഉദ്യോഗസ്ഥ എല്ലാ രേഖകളുടെയും പകർപ്പ് സഹിതം വ്യക്തമായ ശുപാർശയോടെ ഒരു മാസത്തിനുള്ളിൽ വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ യു**

**അണ്ടർ സെക്രട്ടറി**

ശ്രീമതി. ജൂല ഡി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.യു., കോട്ടയം.

(പരാമർശം 1 മുതൽ 7 വരെയുള്ളവയുടെ പകർപ്പ് സഹിതം.)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ. (തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

വിജിലൻസ് (ഡി) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by
SREEKANTH G
Date: 2020.06.03 11:21:21 IST
Reason: Approved

സെക്ഷൻ ഓഫീസർ